കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# എടത്വ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി1-234/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ: 0477 2252753

E-mail: ddhglfalpy@gmail.com

തീയതി, 04.05.2019

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടത്വ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം : എടത്വ ഗ്രാമ പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി1-234/2019 തീയതി, 04.05.2019

# ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 08.08.2017 മുതൽ 21.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.02.2019മുതൽ 07.03.2019 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ.ചന്ദ്രശേഖരൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജശ്രീ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.പ്രീത, ഓഡിറ്റർ (27.03.2017 മുതൽ) |

**(ബി) നിർവ്വഹണാധികാരികൾ**

1. **പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. ടെസ്സി ജോസ് | 01.04.2017 മുതൽ 31.03.2018 വരെ |

2. **സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീ.ജേക്കബ്.കെ.എം. | 01.04.2017മുതൽ25.12.2017വരെ |

| | | |
|---|---|---|
| | | 03.01.2018 മുതൽ 28.02.2018 വരെ |
| 2 | ശ്രീ. സലിം.കെ.എച്ച്, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) | 26.12.2017 മുതൽ 02.01.2018 വരെ<br>01.03.2018 മുതൽ 21.03.2018 വരെ |
| 3 | ശ്രീ.ബി.ബാലകൃഷ്ണപിള്ള | 22.03.2018 മുതൽ 31.03.2018വരെ |

3. **സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. സെബാസ്റ്റ്യൻ സക്കറിയ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. റോസമ്മ ആന്റണി | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. തോമസ്. ടി.ടി. | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീമതി. ജെയിൻ മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |

4. **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സന്തോഷ് കുമാർ | 01.04.2017 മുതൽ 25.10.2017 വരെ |
| | ശ്രീമതി.ഐശ്വര്യ.റ്റി | 26.10.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.സിനി.സി.ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മരിയ തെരേസ.പി.ജെ | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീജിത്ത് ഭാസ്കർ | 01.04.2017 മുതൽ 17.11.2017വരെ |
| | ഡോ.ജ്യോതിമോൻ. പി.ബി. | 18.11.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സിന്ധു ജിങ്കാ ചാക്കോ | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഓമന.ആർ | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീമതി.ബിന്ദു.ടി.എം | 01.06.2017 മുതൽ 19.06.2017വരെ |
| | ശ്രീമതി.മുംതാസ് | 20.06.2017 മുതൽ 09.11.2017 വരെ |
| | ശ്രീമതി.ബിന്ദുമോൾ.കെ.കെ | 10.11.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018വരെ |
| എച്ച്.എം, എൽ.പി.എസ് | ശ്രീമതി.ബീനാമോൾ.കെ.ജെ | 01.04.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ. | ശ്രീ.ദിനൽ രാജ് വി.എച്ച്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സെൽമാബീവി | 01.04.2017 മുതൽ 31.11.2017വരെ |
| | ശ്രീമതി.സിനി.എസ്.നായർ | 01.12.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സലിം.കെ.എച്ച്. | 01.04.2017 മുതൽ 31.03.2018വരെ |

**ഉള്ളടക്കം**


| ക്രമനം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 3 | 2-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 4 | 2-3 | വാടക വരവിൽ കൃത്യതയില്ല |
| 5 | 2-4 | രസീതു ബുക്ക് ലഭ്യമായില്ല |
| 6 | 2-5 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പാലിക്കപ്പെടുന്നില്ല |
| 7 | 2-6 | ഉപയോഗ ശൂന്യമായ ട്രാക്ടറുകൾ-നടപടി സ്വീകരിക്കാതെ ഉപേക്ഷിക്കപ്പെട്ടു |
| 8 | 2-7 | ഇ-വേസ്റ്റുകൾ നീക്കം ചെയ്യൽ-നടപടി ആയില്ല |
| ഭാഗം 3 | | |
| 9 | 3-1 | ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 85.10 ലക്ഷം പാഴായി |
| 10 | 3-2 | കാർഷിക മേഖലയിലെ പദ്ധതികൾ -ഫയലുകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു |
| 11 | 3-3 | തെരുവ് വിളക്ക് മെയിന്റനൻസിനായി ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -അപാകതകൾ |
| 12 | 3-4 | ടെണ്ടർ തുകയിൽ പരിമിതപ്പെടരത്താതെ ബിൽ തയ്യാറാക്കി - 4770/- രൂപയുടെ അധിക ചെലവ് |
| 13 | 3-5 | ടാർ വാങ്ങിയതിന്റെയും വിതരണം നടത്തിയതിന്റെയും കൃത്യമായ കണക്കുകൾ ലഭ്യമല്ല |
| 14 | 3-6 | 'വാർഡ് 1 ൽ വിജയമാതാ കോളനി മുതൽ വേണാട് വരെ ടാറിംഗ്' -കൺവീനർക്ക അധികം നൽകിയ ടാറിന്റെ വില ഈടാക്കിയില്ല |
| 15 | 3-7 | വാർഡ് 7 ലെ അംഗൻവാടിയ്ക്കു കിണർ നിർമ്മാണം - മൂല്യ നിർണ്ണയം നടത്താതെ പദ്ധതി തുക ചെലവഴിച്ചു |
| 16 | 3-8 | സ്വാന്തന രോഗീപരിചരണം - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല |
| 17 | 3-9 | കൃഷിഭവൻ ഓഫീസ് ജീർണ്ണിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്നു |
| 18 | 3-10 | വെള്ളക്കരം-ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ സംയുക്ത പരിശോധന നടത്തിയിട്ടില്ല |

| | | |
|---|---|---|
| 19 | 3-11 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്-കൃത്യമായ കണക്കില്ല |
| 20 | 3-12 | ഹരിതകേരളം പദ്ധതി-ആദ്യഘട്ടം നടപ്പാക്കി:തുടർപ്രവർത്തനം ഇല്ല |
| 21 | 3-13 | പദ്ധതി അംഗീകാരം ലഭിച്ചിട്ടും കാർഷിക പദ്ധതികൾ നടപ്പാക്കിയില്ല |
| 22 | 3-14 | ഡെപ്പോസിറ്റ് വർക്കുകൾ -4113350/-രൂപ നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു |
| 23 | 3-15 | ലൈഫ് ഭവന പദ്ധതി-അവലോകനം |
| 24 | 3-16 | ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 25 | 3-17 | കന്നുകുട്ടി പരിപാലന പദ്ധതി - പ്രോജക്ട് ആരംഭിച്ചിട്ടില്ല |
| 26 | 3-18 | ശിശുക്ഷേമ പദ്ധതികൾ-അങ്കണവാടികളുടെ പ്രവർത്തനം |
| ഭാഗം 4 | | |
| 27 | 4-1മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 28 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 29 | അനുബന്ധം 2 | . |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

24.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 19.12.2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | തൻവർഷ വരവ് | തൻവർഷ ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 123418700 | 118802000 |
| വാർഷിക കണക്ക് പ്രകാരം | 46693916 | 49103640 |

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ പുതുക്കിയ പഞ്ചായത്ത് മാന്വലിലും കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിലും അനുശാസിക്കുന്ന നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തതിനോ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതിനോ രേഖകളില്ല.
2. ഘടകസ്ഥാപന മേധാവികൾ നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകിയിട്ടില്ല.
3. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.

4. വികസന കാര്യം, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

5. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ നടത്തിയിട്ടില്ല.

6. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 19.12.2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് സംബന്ധമായ വിശദാംശങ്ങളൊന്നും മിനിട്സിൽ ചേർത്തിട്ടില്ല. 2017 ഡിസംബർ മാസം കൂടിയ ധനകാര്യ, ക്ഷേമകാര്യ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ശുപാർശകൾ കമ്മറ്റി അംഗീകരിച്ച തീരുമാനിച്ച എന്നുമാത്രമാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മിനിട്സിൽ ആകെ വരവ് ചെലവുകൾ കൂട്ടിയെഴുതിയിട്ടില്ല. മാറ്റം വരുത്തുന്ന ഇനങ്ങളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 17.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSA-ALP-GA4-1126(65)/2018 തീയതി, 30.07.2018 | വിശേഷണങ്ങളോടുകൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7945585 |
| വരവ് | 46693916 |
| ആകെ | 54639501 |
| ചെലവ് | 49103640 |
| നീക്കിയിരിപ്പ് | 5535861 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 12830000 | 12830000 | 9697989 | 3132011 |
| വികസനഫണ്ട് എസ്.സി.പി | 0 | 4411304 | 4411304 | 4182800 | 228504 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6155000 | 6155000 | 3344573 | 2810427 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 2823000 | 2823000 | 1212078 | 1610922 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5934510 | 5934510 | 5562996 | 371514 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 2228899 | 2228899 | 1871574 | 357325 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 3092914 | 9177014 | 12269928 | 12274739 | -4811 |
| എസ്.ബി.ഐ ഡിസ്ട്രസ് റിലീഫ് ഫണ്ട് | 3650 | 24260 | 27910 | 0 | 27910 |
| ടോട്ടൽ സാനിട്ടേഷൻ | 858416 | 1766759 | 2625175 | 18 | 2625157 |
| എസ്.ബി.ഐ ലിറ്ററസി | 1604 | 186 | 1790 | 0 | 1790 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 700000 | 1544280 | 2244280 | 2330336 | -86056 |
| എം.എൻ.ആർ.ഇ.ജി.എസ്. | 57726 | 1795495 | 1853221 | 1114868 | 738353 |
| തനതുഫണ്ട് | 3070444 | 6214918 | 9285362 | 7302277 | 1983085 |
| കുട്ടനാട് പാക്കേജ്, ADCB | 130050 | 0 | 130050 | 0 | 130050 |
| ബി ഫണ്ട് | 0 | 39114680 | 39114680 | 39114680 | 0 |
| ക്യാഷ് (തനത് ഫണ്ട്) | 30781 | 87766 | 118547 | 30781 | 87766 |

കുറിപ്പ്: ട്രാൻസാക്ഷൻ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും ബാലൻസ് തുക, ലഭിച്ച ഫണ്ടിന്റെ അടിസ്ഥാനത്തിൽ അതത് ശീർഷകങ്ങളിൽ അടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിലെ കുട്ടനാട് പാക്കേജിന്റെ അക്കൗണ്ട് കറണ്ട് അക്കൗണ്ടായതിനാൽ പലിശയിനത്തിൽ വരവൊന്നും ലഭിക്കുന്നില്ല. ഈ അക്കൗണ്ടിലും ട്രാൻസാക്ഷൻ നടക്കുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 184 | 58250907 | 123 | 29818565 | 0 | 61 | 66.84 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 57726 | 1795495 | 1853221 | 1114868 | 738353 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29488000 | 29488000 | 29488000 | 0 |
| ആകെ | 57726 | 31283495 | 31341221 | 30602898 | 738353 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 32880 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 12993600 | 1092 |
| വിധവാ പെൻഷൻ | 5839900 | 503 |
| വാർദ്ധക്യകാല പെൻഷൻ | 16723800 | 1372 |
| വികലാംഗ പെൻഷൻ | 3100500 | 266 |
| അവിവാഹിത പെൻഷൻ | 304000 | 26 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 120000 | 4 |
| ആകെ | 39114680 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25277/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും മിനിട്സ് ഹാജരാക്കിയില്ല. ഫ്രണ്ട് ഓഫീസിൽ പണം സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ല.

2. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.
3. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
6. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
8. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല.
9. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
10. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.02.2019-13.02.2019 | 1/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.06.2017 – 19.06.2017 | 2016-17 | 03.08.2017 |

### 1-12 വാർഷിക കണക്കിലെ അപാകതകൾ

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വികസനഫണ്ട് ജനറൽ ചെലവ് 9697989 രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് 9519989 രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്.
2. വാർഷിക കണക്ക് I-6 പ്രകാരം വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമിനത്തിൽ 120000 രൂപ വരവുണ്ട്. ഈ തുക റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട് RP – 7 -ൽ വരവ് വന്നിട്ടില്ല.

KSA-ALP-GA4-1126( 65)/2018 തീയതി. 30.07.2018 – ൽ പരാമർശിച്ചിട്ടുള്ള മറ്റ് അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

1. ഫാമുകൾ

ഗ്രാമപഞ്ചായത്തിൽ ഏകദേശം 5 വലിയ കന്നുകാലിഫാമുകളും (50 പശുക്കളിൽ കൂടുതൽ) നിരവധി പൗൾട്രി ഫാമുകളും പ്രവർത്തിക്കുന്നതായി വെറ്ററിനറി സർജൻ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. 9 താറാവ് കർഷകർ രജിസ്റ്റർ ചെയ്തിട്ടുള്ളതായും എന്നാൽ പഞ്ചായത്തിൽനിന്നും ഇവ ഒന്നും ലൈസൻസ് എടുത്തിട്ടില്ല എന്നും അറിയാൻ സാധിച്ചു. മൃഗസംരക്ഷണ ഓഫീസിലെ ഉദ്യോഗസ്ഥർ അവരുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഫീൽഡ് പരിശോധന നടത്തുന്നതിൽ നിന്നും വ്യക്തമായ കാര്യമാണ് വെറ്ററിനറി സർജൻ അറിയിച്ചത്. വെറ്ററിനറി ഓഫീസിൽ ക്ഷീര കർഷകരുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുക വഴി ഗ്രാമ പഞ്ചായത്തിൽ കന്നുകാലി ഫാമുകളുടെ കൃത്യമായ എണ്ണം ലഭ്യമാക്കാൻ സാധിക്കും. തുടർനടപടി സ്വീകരിച്ച് ലൈസൻസ് എടുപ്പിക്കേണ്ടതാണ്.

2. റേഷൻകടകൾ, കള്ള്ഷാപ്പുകൾ

പഞ്ചായത്ത് പരിധിയിൽ 23 റേഷൻകടകളും 4 കള്ള്ഷാപ്പുകളും പ്രവർത്തിക്കുന്നതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. എന്നാൽ ഇവ ലൈസൻസ് എടുത്തിട്ടില്ല എന്നും അറിയിച്ചു. അടിയന്തിരമായി നടപടി സ്വീകരിച്ച് ലൈസൻസ് എടുപ്പിക്കേണ്ടതാണ്.

3. <u>പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല</u>

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 ൽ 9 സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളത്. 2016-17 ൽ 12 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിരുന്നു. 17-18 ൽ ഇവയുടെ പ്രവർത്തനം, തൻവർഷം പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചത്, എന്നീ വിശദാംശങ്ങൾ അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല എന്ന് അറിയിച്ചു.

സെന്റ് മേരീസ് ഡെന്റൽ ക്ലിനിക്

രാജൻസ് ക്ലിനിക്കൽ ലബോറട്ടറി

മോഡേൺ ക്ലിനിക്കൽ ലബോറട്ടറി

ഡി ആന്റ് ഒ ലൈസൻസ് എടുക്കാതെ നിരവധി ഹോട്ടലുകളും ബേക്കറികളും പ്രവർത്തിക്കുന്നതായി 3.6.17, 19.7.17 തീയതികളിലെ പഞ്ചായത്ത് കമ്മിറ്റി മിനിട്സിൽ മെമ്പർമാർ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 322 ട്രേഡേഴ്സ് മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നത്. 15 വാർഡുകളിലായി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

30.12.17 ലെ മിനിട്സിലെ രേഖപ്പെടുത്തൽ പ്രകാരം വാർഡ് 10 ൽ ജോഷിജോസഫ്,തെക്കേപേരങ്ങാട്ട് എന്ന വ്യക്തിക്ക് കാലിതീറ്റ നിർമ്മാണഫാക്ടറിയും ജോർജുകുട്ടി കൈയ്യത്ര എന്ന വ്യക്തിക്ക് ഫ്ലോർമില്ലും തുടങ്ങുന്നതിന് അനുമതി നല്കിയിട്ടുണ്ട്. ഇവ പ്രവർത്തനം ആരംഭിച്ചത്, ലൈസൻസ് നൽകിയത് എന്നിവ സംബന്ധിച്ച് നല്കിയ അന്വേഷണത്തിന് ലൈസൻസ് നല്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടുമില്ല. നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ്/രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. പഞ്ചായത്തിന് ലൈസൻസ് ഇനത്തിൽ ലഭിക്കേണ്ട വരവ് നഷ്ടപ്പെടുന്നു എന്നത് മാത്രമല്ല നിയമങ്ങൾ പാലിക്കുന്നതിൽ നിന്ന് ഒഴിഞ്ഞുമാറാൻ തദ്ദേശ സ്ഥാപനം തന്നെ പൊതുജനങ്ങൾക്ക് പ്രോത്സാഹനം നല്കുകയാണ് ചെയ്യുന്നത്. തെറ്റായ ഈ രീതി ഉപേക്ഷിച്ച് എല്ലാ സ്ഥാപനങ്ങളും ലൈസൻസോടെ പ്രവർത്തിക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

# 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകൾ, വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. <u>ഒന്നാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

എൽ എസ് ജി ഡി

ഡോക്ടേഴ്സ് ക്ലിനിക്ക്

DDRC SRL

കാട്ടുംഭാഗം ഫ്യുവൽസ്

കൊശമറ്റം ഫിനാൻസ്

ജോർജിയൻ പബ്ലിക് സ്കൂൾ

സെന്റ് ജോർജ്ജ് ഫ്യുവൽസ്

കുളങ്ങര കുറീസ്

prompt financiers

കണ്ണാട്ട് ഫിനാൻസ്

മുത്തൂറ്റ് ഫിനാൻസ്

2. <u>രണ്ടാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

എസ് ബി ഐ

എൽ എസ് ജി ഡി

പോസ്റ്റ് ഓഫീസ്,എടത്വ

പോസ്റ്റ് ഓഫീസ്,പാണ്ടങ്കരി

കണ്ണാട്ട് ഫിനാൻസ്

മുത്തൂറ്റ് ഫിനാൻസ്

prompt financiers

കുളങ്ങര കുറീസ്

സെൻ്റ് ജോർജ്ജ് ഫ്യൂവൽസ്

വലിയ വീടൻസ്

ആയി റാം ഫ്യൂവൽസ്

3. <u>ഒന്നാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല</u>

ലിസ് ലിയോ ഇൻഡെൻ സർവീസസ്

ആയി റാം ഫ്യൂവൽസ്

അനുഗ്രഹാ ഫ്യൂവൽസ്

സെൻ്റ് ജോർജ്ജ് ഫ്യൂവൽസ്

എസ്സാർ പെട്രോൾ പമ്പ്

കൊശമറ്റം ഫിനാൻസ്

മിൽമ സൊസൈറ്റി,തായങ്കരി

ഡോക്ടേഴ്സ് ക്ലിനിക്ക്

4. <u>രണ്ടാം അർദ്ധ വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന നികുതി ഈടാക്കിയിട്ടില്ല</u>

എസ് ബി ഐ

കെവിൻ മോട്ടോഴ്സ്

സെൻ്റ് ജോർജ്ജ് ഫ്യൂവൽസ്

മിൽമ സൊസൈറ്റി,തായങ്കരി-1201,കൊട്ടുപുന്ന

സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

സപ്ലൈകോ സൂപ്പർ മാർക്കറ്റ്

5. 2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

നെടുംപറമ്പിൽ ഫിനാൻസ്

ഡിലൈറ്റ് സിൽക്ക്സ്

T.S.No.100,പാണ്ടങ്കരി

സെന്റ് ജോർജ്ജ് ബാങ്കേഴ്സ്

DZIRE GROUP

മിൽമ സൊസൈറ്റി,പാണ്ടങ്കരി

MEI,എടത്വാ

പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ മുഖ്യ സ്രോതസ്സായ തൊഴിൽ നികുതി ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാതിരിയ്ക്കുന്നത് ശരിയായ പ്രവണതയല്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-31ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണ സമിതിയുടേയും പ്രത്യക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിയ്ക്കുന്നു.

# 2-3 വാടക വരവിൽ കൃത്യതയില്ല

2017-18 ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നം.59 ൽ മാർക്കറ്റിലെ ബിൽഡിംഗുകളുടെ വാടക ഇനത്തിൽ 65666/- രൂപ കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വാർഷിക കണക്ക് പ്രകാരം B15 ഷെഡ്യൂളിൽ 2811/- രൂപയാണ് കുടിശ്ശിക കാണിച്ചിട്ടുള്ളത്. വ്യത്യാസം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വ്യത്യാസം വിശദമാക്കേണ്ടതും കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 2-4 രസീതു ബുക്ക് ലഭ്യമായില്ല

കൃഷി ഓഫീസർ 2017-18 വർഷം നടപ്പിലാക്കിയ ഗ്രോബാഗ് വിതരണം പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിന് കൈപ്പറ്റിയ മാന്വൽ രസീത് ബുക്ക് (ബുക്ക് നം-15250) പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പ്രളയത്തിൽ നശിച്ച് പോയിട്ടുള്ളതായാണ് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. രസീത് ബുക്ക് പ്രകാരം പിരിച്ച തുക പഞ്ചായത്തിൽ അടവാക്കുകയും പദ്ധതി നടത്തിപ്പിൽ അപാകതയില്ലാത്തതുമാണ്.

# 2-5 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പാലിക്കപ്പെടുന്നില്ല

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് 24-9-2016ൽ 576/ഡി.സി.1/16തസ്വഭവ സർക്കുലർ പ്രകാരം സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്നും ഇപ്രകാരം വില്പനസാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്നതിന് വ്യാപാരികളും തെരുവുകച്ചവടക്കാരും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇവരിൽനിന്നും പ്രതിമാസം കുറഞ്ഞത് 4000/-രൂപയും പ്രതിവർഷം 48000/-രൂ. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസായി ഈടാക്കി മേൽപ്രകാരം രജിസ്റ്റർ ചെയ്യണ്ടേതാണ്. ഇത് സംബന്ധിച്ച് തദ്ദേശ സ്ഥാപനം തീരുമാനം എടുത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും അപ്രകാരമൊരു തീരുമാനം കൈക്കൊണ്ടിട്ടില്ല എന്നാണ് അറിയിച്ചത്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനായി പഞ്ചായത്ത് പ്രദേശത്ത് നിലവിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് നിരോധനമുള്ളതായും കാണുന്നില്ല. ഈ ഇനത്തിൽ വലിയൊരുതുക തദ്ദേശ സ്ഥാപനത്തിന്

വരുമാനമായി ലഭിക്കുമെന്ന മാത്രമല്ല പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാനും ഹരിതകേരളം പോലുള്ള പദ്ധതി വിജയകരമാക്കാനും ഇത് സഹായിക്കുന്നതാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-6 ഉപയോഗ ശൂന്യമായ ട്രാക്ടറുകൾ-നടപടി സ്വീകരിക്കാതെ ഉപേക്ഷിക്കപ്പെട്ടു

പഞ്ചായത്തിന് സമീപം വില്ലേജ് ഓഫീസിന് മുൻവശത്ത് രണ്ട് ട്രാക്ടറുകൾ ഉപയോഗ ശൂന്യമായി ഉപേക്ഷിക്കപ്പെട്ടിട്ട് ഏകദേശം 10 വർഷത്തിൽ ഏറെയായി. ഇതിൽ ഒരെണ്ണം 2013 വരെ പ്രവർത്തിച്ചതുമാണ്. 2012-13 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിരുന്നു എങ്കിലും തുടർ നടപടി ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. നിലവിൽ ഈ യന്ത്രങ്ങൾ തുരുമ്പെടുത്ത് ദ്രവിച്ച് നാശോന്മുഖമായിരിക്കുന്നു. ഉപയോഗശൂന്യമായ സാഹചര്യത്തിൽ ഇവ ലേലം ചെയ്യുന്നതിനുള്ള ഉചിത നടപടി സ്വീകരിച്ചിരുന്നെങ്കിൽ തദ്ദേശ സ്ഥാപനത്തിന് ഒരു വരവും പ്രവർത്തനരഹിതമായ യന്ത്രങ്ങളുടെ നീക്കംചെയ്യലും നടക്കുമായിരുന്നു. നിലവിൽ തുച്ഛമായ വില പോലും ലഭിക്കാത്ത ഒരു അവസ്ഥയിലായിരിക്കുന്നു ഈ യന്ത്രങ്ങൾ. റവന്യൂ ഓഫീസിന്റെ സ്ഥലം അപഹരിച്ചിരിക്കുന്ന ഈ ഉപകരണങ്ങൾ നീക്കം ചെയ്യാൻ അവർ ആവശ്യപ്പെട്ടാൽ ഇവ സൂക്ഷിക്കാൻ പഞ്ചായത്തിന് മറ്റ് സ്ഥലമില്ല എന്നതും ഓർമ്മിക്കേണ്ടതാണ്. ലളിതമായ നടപടി ക്രമങ്ങളിലൂടെ നടപടികൾ സ്വീകരിക്കാവുന്ന കാര്യം മാറി മാറി വന്ന ഭരണസമിതിയുടെ ശ്രദ്ധയിലും വന്നില്ല എന്നത് ഖേദകരമാണ്. കൃഷിഭവനിൽ നിന്ന് ലഭിച്ചതാകയാൽ കൃഷിവകുപ്പുമായി ബന്ധപ്പെട്ട് ലേല നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-7 ഇ-വേസ്റ്റുകൾ നീക്കം ചെയ്യൽ-നടപടി ആയില്ല

ഡിഡിപി യുടെ 10.1.18 ലെ ഇ1/13603/17 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഇ-വേസ്റ്റുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ 25.1.18 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയിരുന്നു. തുടർനടപടി, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് ഇ- വേസ്റ്റുകൾ കണക്കെടുത്ത് വച്ചെങ്കിലും പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് ഉപയോഗശൂന്യമെന്ന് അനുമതിപത്രം നല്കാത്തതിനാൽ പഞ്ചായത്തിൽ തന്നെ സൂക്ഷിച്ചതായും വെള്ളപ്പൊക്കത്തിൽ പലതും നശിച്ചതായും സെക്രട്ടറി അറിയിച്ചു. തുടർനടപടികൾ കൈക്കൊണ്ട് ക്ലീൻകേരള പോലുള്ള കമ്പനിയുമായി ധാരണയിൽ എത്തി സർക്കാർ തീരുമാനം ലഭ്യമാക്കി ഇ-വേസ്റ്റുകൾ നീക്കം ചെയ്യേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 85.10 ലക്ഷം പാഴായി

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 85.10 ലക്ഷം പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 3132011 |
| വികസന ഫണ്ട് എസ്.സി.പി | 228504 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 2810427 |

| | |
|---|---|
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 1610922 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 371514 |
| കെ.എൽ.എസ്.ജി.ഡി.പി | 357325 |
| **ആകെ** | **8510703** |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആകെ 184 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 61 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ട് വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 കാർഷിക മേഖലയിലെ പദ്ധതികൾ -ഫയലുകൾ പ്രളയത്തിൽ നഷ്ടപ്പെട്ടു

2017-18 ൽ കൃഷിഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ ട്രഷറി ബില്ലുകൾ, ബിൽബുക്ക് എന്നിവ ഒഴികെ പദ്ധതികളുടെ ചെലവ് രേഖകൾ, വിതരണരേഖകൾ, എന്നിവ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ വളരെ താഴ്ചയിൽ സ്ഥിതി ചെയ്യുന്ന കൃഷിഭവനിൽ വെള്ളം കയറി 60% രേഖകളും നഷ്ടപ്പെട്ടു എന്നും പ്രിൻസിപ്പൽ കൃഷി ഓഫീസർ, ദുരന്തനിവാരണ സമിതി എന്നിവരെ അറിയിച്ചതിന്റെ രേഖകളും ഹാജരാക്കി. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഈ വിവരം റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. 17-18 ലെ പദ്ധതി പ്രകാരം വാങ്ങിയ ഫോട്ടോസ്റ്റാറ്റ് മെഷീനും പ്രളയത്തിൽ ഉപയോഗശൂന്യമായതായി കൃഷിഓഫീസർ അറിയിച്ചു.

ചെലവ് പത്രിക പ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് |
|---|---|
| നെൽവിത്ത് സബ്സിഡി | 1104570 |
| കൂലിച്ചെലവ് സബ്സിഡി | 610059 |
| ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ | 44300 |

## 3-3 തെരുവ് വിളക്ക് മെയിന്റനൻസിനായി ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -അപാകതകൾ

തെരുവ് വിളക്ക് മെയിന്റനൻസിനായി ബൾബുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്ടിനായി (നം. S0071/18) ടെൻഡർ ക്ഷണിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 16.11.2017- ലെ 2(1) തീരുമാനപ്രകാരം ഹന്ന ഇലക്ട്രിക്കൽസ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ചു. എന്നാൽ തമ്പുരാൻ ട്രേഡ് ലിങ്ക്സ്, കോഴഞ്ചേരി എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ ടെൻഡർ പരിഗണിക്കാതെയാണ് ഹന്ന ഇലക്ട്രിക്കൽസിന്റെ ടെൻഡർ അംഗീകരിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തമ്പുരാൻ ട്രേഡ് ലിങ്ക്സ് | | ഹന്ന ഇലക്ട്രിക്കൽസ് | |
|---|---|---|---|---|
| | നിരക്ക് | തുക | നിരക്ക് | തുക |
| CFL 20W 518 എണ്ണം | 129 | 66822 | 132 | 68376 |
| അലുമിനിയം വയർ 15m | 218 | 3270 | 215 | 3225 |
| ഹോൾഡർ 750 | 13 | 9750 | 14 | 10500 |
| ഇൻസുലേഷൻ ടേപ്പ് 70 | 9 | 630 | 8.30 | 581 |
| ആകെ | | 80472 | | 82682 |

ബിൽ നം. 27/17-18 തീയതി. 24.03.2018 പ്രകാരം 82675 രൂപയാണ് ഹന്ന ഇലക്ട്രിക്കൽസിന് നൽകിയിട്ടുള്ളത്. 2203/-രൂപ അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 16.11.2017- ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

<u>മറ്റ് അപാകതകൾ</u>

1. 14.11.2017-ലെ പ്രൊക്യൂവർമെന്റ് കമ്മറ്റിയുടെ 10-ാമത് തീരുമാനപ്രകാരം തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ പ്രവൃത്തിക്ക് സി.എഫ്.എൽ വിളക്കിന് കുറവ് തുക രേഖപ്പെടുത്തിയ കിക്കോ ബിസിനസ് കോർപ്പറേഷനുമായി ബന്ധപ്പെട്ട് ബാക്കി ഇനങ്ങൾക്ക് റേറ്റ് നെഗോസിയേറ്റ് ചെയ്ത് ടെൻഡർ ഉറപ്പിക്കാവുന്നതാണെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ പ്രൊക്യൂവർമെന്റ് കമ്മറ്റിയുടെ തീരുമാനം നടപ്പാക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. പ്രോക്യൂവർമെന്റ് കമ്മറ്റി തീരുമാനപ്രകാരം നടപടികൾ സ്വീകരിച്ച് ചെലവ് കുറയ്ക്കാനുള്ള സാധ്യത പരിശോധിയ്ക്കാതിരുന്നത് ശരിയായ നടപടിയല്ല.
2. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.
3. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം CFL -0 (25 എണ്ണം പ്രളയത്തിൽ നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്), ഹോൾഡർ - 298 എണ്ണം, അലുമിനിയം വയർ - 0, ഇൻസുലേഷൻ ടേപ്പ് - 25 എണ്ണം എന്നിവ ബാക്കി നിൽക്കുന്നു. ഉപകരണങ്ങൾ കൈപ്പറ്റിയിരിക്കുന്നത് ശ്രീ രഞ്ജിത്ത് എന്ന ആളാണ്. എന്നാൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 2018-19 വർഷം കരാർ വച്ചിട്ടുള്ളത് 20.04.2018-ൽ കുര്യൻ സക്കറിയ എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറുമായാണ്. വാങ്ങിയ ഉപകരണങ്ങൾ പോസ്റ്റിൽ സ്ഥാപിച്ചതായുള്ള രേഖകളോ മോണിറ്ററിംഗ് റിപ്പോർട്ടോ ഇല്ല. കരാറുകാരന് ഈ ഇനത്തിൽ തുകയും നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി ക്ക് നൽകിയ 16.02.2019-ലെ കത്ത് പ്രകാരം ആകെ സ്ഥാപിച്ച ബൾബ് 342 എണ്ണമാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം CFL നീക്കിയിരുപ്പ് ഇല്ല.
4. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. 2017-18 വർഷാരംഭത്തിൽ മിച്ചമുള്ള ഉപകരണങ്ങളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.
5. ആവശ്യകത നിർണ്ണയിച്ച് അതിന്റെ അടിസ്ഥാനത്തിലല്ല ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. കേടായ ഉപകരണങ്ങൾ കരാറുകാരൻ ഗ്രാമ പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനം തൃപ്തികരമല്ല എന്നത് മേൽ അപാകതകളിൽ നിന്നും വ്യക്തമാകുന്നു.

അപാകതകളുടെ അടിസ്ഥാനത്തിൽ നിരാകരിച്ച തുക കഴിച്ചുള്ള 80472/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-4 ടെണ്ടർ തുകയിൽ പരിമിതപ്പെടുത്താതെ ബിൽ തയ്യാറാക്കി - 4770/- രൂപയുടെ അധിക ചെലവ്

പ്രോജക്ട് നം : 186/18

അടങ്കൽ :110682 (ധനകാര്യ കമ്മീഷൻ അവാർഡ്)

'വാർഡ് 1 ൽ കൊട്ടപ്പുന്നക്കാവ് ദേവീ ക്ഷേത്രം മുതൽ തിരുനെല്ലൂർ വരെ ഫുട്ട്പാത്ത് മെയിന്റനൻസ്'' പദ്ധതിയിൽ ഫില്ലിംഗ് പ്രവർത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് തോമസ് ആന്റണി, മണ്ണാരുപറമ്പിൽ എന്ന കരാറുകാരനാണ്. ടിയാൻ 20-12-17 ൽ സമർപ്പിച്ച ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത് 95.4 $m^3$ ഫില്ലിംഗിനു 100170 എന്ന തുകയാണ്. ആയതു പ്രകാരം 32/AE/LSGD/2017-18/EDVA /31-12-17 പ്രകാരം എഗ്രിമെന്റ് വച്ചിട്ടുണ്ട്. എന്നാൽ ടെണ്ടറിലെയും എഗ്രിമെന്റിലെയും തുക പരിഗണിക്കാതെ 95.40 $m^3$ ഫില്ലിംഗ് നടത്തിയതിന് 1100/$m^3$ നിരക്കിൽ 104940 രൂപ ചെലവഴിച്ചു (എം.ബുക്ക് നം. 32/17-18). ടെണ്ടർ തുകയിൽ പരിമിതപ്പെടുത്താതിരുന്നതിനാൽ പ്രവൃത്തിയിൽ 4770 രൂപയുടെ (104940-100170) അധിക ചെലവിന് ഇടയാക്കി.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.13/27-02-19) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ഹാജരാക്കിയില്ല. അധികം ചെലവഴിച്ച 4770 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ബിന്ദുമോൾ.കെ.കെ-യിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ചെലവ് വിവരം</u>

ട്രഷറി ബിൽ 59/17-18/08-03-18 104940

# 3-5 ടാർ വാങ്ങിയതിന്റെയും വിതരണം നടത്തിയതിന്റെയും കൃത്യമായ കണക്കുകൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് വിവിധ ടാറിംഗ് പ്രവർത്തികൾക്കായി 2016-17 ൽ വാങ്ങിയ Bitumen, Emulsion എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 31-03-2017 ൽ ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു.

| VG -30 ( kg) | RS-1 (kg) | SS-1 ( kg) |
|---|---|---|
| 746 .79 | 60.43 | 762.05 |

2016-17 ലെ ടാറിന്റെ നീക്കിയിരുപ്പ് 2017-18 ലേക്ക് ക്യാരി ഓവർ ചെയ്തിട്ടില്ല. 2016 -17 ൽ ടാർ വാങ്ങിയതിന്റെ ബില്ലുകൾ പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. 2017-18 ൽ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ടാറിംഗ് പ്രവർത്തികളിൽ 2016-17 വർഷം നീക്കിയിരിപ്പുണ്ടായിരുന്ന Bitumen, Emulsion എന്നിവ ഉപയോഗിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ നീക്കിയിരുപ്പ് പ്രകാരമുള്ള മെറ്റീരിയലുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ഓരോ ഇനത്തിന്റെയും നിലവിലുള്ള അളവുകൾ എത്രയാണെന്നുള്ള വിവരം ഹാജരാക്കുന്നതിനും ലഭ്യമായ ടാർ നിലവിൽ ഉപയോഗ യോഗ്യമാണോ എന്ന റിപ്പോർട്ട് ചെയ്യുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 16/28-02-2019), ഓരോ പ്രവൃത്തിയും ഏറ്റെടുത്ത കരാറുകാർക്ക് ടാറും, എമൽഷനും കൈമാറിയിട്ടുള്ളതായും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിനു വിട്ടു പോയിട്ടുള്ളതിനാലാണ് ബാലൻസ് കാണുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി

നൽകി. എന്നാൽ ഏതൊക്കെ പ്രവൃത്തിയ്ക്ക് എത്ര അളവിൽ ടാർ നൽകി എന്നുള്ള വിവരം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനും നഷ്ടം സംഭവിച്ചിട്ടുള്ള പക്ഷം ആയതു ഉത്തരവാദിയായവരിൽ നിന്നും ഈടാക്കുന്നതിനും ശുപാർശ ചെയ്യുന്നു.

## 3-6 'വാർഡ് 1 ൽ വിജയമാതാ കോളനി മുതൽ വേണാട് വരെ ടാറിംഗ്' -കൺവീനർക്കു അധികം നൽകിയ ടാറിന്റെ വില ഈടാക്കിയില്ല

പ്രോജക്ട് നം : 33/ 18

അടങ്കൽ : 149489 (ലോക ബാങ്ക് ധനസഹായം)

എഗ്രിമെന്റ് നം : 33/AE/LSGD/EDVA/16-17/dt. 25-01-17

184318/-രൂപ അടങ്കലിൽ 2016-17- ൽ അംഗീകാരം കിട്ടിയ പദ്ധതിയ്ക്കായി പ്രസ്തുത വർഷം 34829 രൂപ ചെലവഴിച്ചു. 2017-18 ൽ സ്പിൽ ഓവറായിട്ടാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ്, എം.ബുക്ക് (എം.ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല) എന്നിവ പ്രകാരം 82m റോഡ് ടാറിംഗ് നടത്തിയിട്ടുണ്ട്. ആയതിനു ആവശ്യമായ ബിറ്റുമിൻ, എമൽഷൻ എന്നിവയുടെ അളവും എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ടാർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പ്രവർത്തിയ്ക്ക് ആവശ്യമായതിലും അധികം ടാർ ഗുണഭോക്തൃ സമിതി കൺവീനർക്കു വാങ്ങി നൽകിയിട്ടുണ്ട്. ബിൽ തയ്യാറാക്കിയപ്പോൾ കൺവീനർക്കു നൽകിയ ആകെ ടാറിന്റെ അളവിനു അനുസൃതമായ വില കുറവു വരുത്തുന്നതിനു പകരം പ്രവർത്തിയ്ക്ക് വേണ്ടി വന്ന ടാറിന്റെ വിലമാത്രമാണ് കുറവു വരുത്തിയത്. അധികം കൈപ്പറ്റിയ ടാർ കൺവീനർ തിരികെ ഏൽപ്പിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വില /kg | കൺവീനർക്കു നൽകിയത് | | എം ബുക്ക് പ്രകാരമുള്ള ചെലവ് | | അധിക ചെലവ് |
|---|---|---|---|---|---|---|
| | | kg | ആകെ വില | kg | ഈടാക്കിയ വില | |
| SS 1 | 59.50 | 280.50 | 16690 | 195.16 | 11612 | 5078 |
| RS 1 | 56.98 | 74.25 | 4230 | 51.66 | 2943 | 1287 |
| VG 30 | 46.83 | 696.30 | 32607 | 484.46 | 22687 | 9920 |

മേൽ വിവരിച്ചതു പ്രകാരം ആകെ 16285/-രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഗുണഭോക്തൃ സമിതി വരവു ചെലവു കണക്കുകൾ തയ്യാറാക്കിയിട്ടില്ല. മേൽ അപാകങ്ങൾക്കു വിശദീകരണം ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 19/01-03-2019) മറുപടി ഹാജരാക്കിയില്ല. അധികം ചെലവഴിച്ച 16285 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ മുംതാസ്.എം-ൽ നിന്നും ഈടാക്കുന്നതിനു ശുപാർശ ചെയ്യുന്നു.

<u>ചെലവു വിവരം</u>

ട്രഷറി ബിൽ നം. 22/08-09-17, 128965/-

## 3-7 വാർഡ് 7 ലെ അംഗൻവാടിയ്ക്കു കിണർ നിർമ്മാണം - മൂല്യ നിർണ്ണയം നടത്താതെ പദ്ധതി തുക ചെലവഴിച്ചു

പ്രോജക്ട് നം : 43/18

അടങ്കൽ :46351(6351 വികസനഫണ്ട് + 40000 മെയിന്റനൻസ് ഫണ്ട്)

എഗ്രിമെന്റ് നം : 45/AE/LSGD/EDVA/16-17/dt 03-02-17

വാർഡ് 7 ലെ അംഗൻവാടി നം. 79 ന കിണർ നിർമ്മിക്കുന്നതിനായി 2016-17 ൽ അംഗീകാരം കിട്ടിയ പദ്ധതിയുടെ ചെലവുകൾ നടന്നിട്ടുള്ളത് 2017-18 ലാണ്. ഗുണഭോക്തൃ സമിതി മുഖേന പദ്ധതിയ്ക്കായി 2017-18ൽ 40000 രൂപ ചെലവഴിച്ചു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ സമിതിയുടെ മിനിട്ട്സിൽ അംഗൻവാടി വർക്കർ ശ്രീമതി.സുമതിക്കുട്ടി.സി.എൻ. എന്നയാളെ കൺവീനറായി തെരഞ്ഞെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ വരവ് ചെലവ് കണക്കുകൾ ഗുണഭോക്തൃ സമിതി ഹാജരാക്കിയിട്ടില്ല. വാങ്ങലുകളുമായി ബന്ധപ്പെട്ട ബില്ലുകളും ഹാജരാക്കിയിട്ടില്ല. ഓഡിറ്റിനു ഹാജരാക്കിയ എം ബുക്കിൽ, എം ബുക്ക് നമ്പർ, സാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. എം ബുക്കിൽ ചില പ്രവൃത്തികൾ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. മെഷർമെന്റ് തീയതി രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയിട്ടുള്ള എല്ലാ ഇനങ്ങളുടേയും മൂല്യം നിർണ്ണയിച്ചിട്ടില്ല. പ്രവർത്തിയുടെ ആകെ മൂല്യം നിർണ്ണയിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തുകയോ മേൽ പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. മൂല്യ നിർണ്ണയം നടത്താതെ 40000 രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 30/06-03-2019) മറുപടി ഹാജരാക്കിയില്ല. മൂല്യ നിർണ്ണയം നടത്താതെ പദ്ധതി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>ചെലവ് വിവരം</u>

ട്രഷറി ബിൽ നം. 11/29-07-17, 40000/-

## 3-8 സ്വാന്തന രോഗീപരിചരണം - മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം നടപ്പാക്കിയ സ്വാന്തന രോഗീപരിചരണം എന്ന പ്രോജക്റ്റിൽപ്പെടുത്തി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി ബിൽ നം. 5/17-18 തീയതി. 08.02.2018 പ്രകാരം 182866 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ചുവടെചേർത്തിരിക്കുന്ന ഇൻവോയ്സുകൾ പ്രകാരം 143866 രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---:|
| 7605/29.08.2017 | 19262 |
| 11276/27.18.2018 | 16819 |
| 7317/24.08.2018 | 4273 |
| 862/24.08.2018 | 1010 |
| 2401/30.05.2018 | 457 |
| 510/21.06.2018 | 6942 |
| 4641/11.07.2018 | 6990 |
| 6760/12.07.2018 | 34736 |
| 4758/12.07.2018 | 26315 |
| 5724/31.07.2018 | 27062 |
| ആകെ | 143866 |

ശേഷിക്കുന്ന 39000 രൂപയുടെ മരുന്നുകൾ/ഉപകരണങ്ങൾ ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 9/25.02.2019) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 39000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-9 കൃഷിഭവൻ ഓഫീസ് ജീർണ്ണിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

നിലവിൽ കൃഷിഭവൻ എടത്വ പള്ളിയുടെ വക പഴയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആറ്റുതീരത്ത് സ്ഥിതി ചെയ്യുന്ന ജീർണ്ണിച്ച പഴയകെട്ടിടത്തിൽ നിന്നും പഴയ പഞ്ചായത്ത് ഓഫീസിലേക്ക് മാറ്റുന്നത് സംബന്ധിച്ച് 31.10.17 ലെ ജനറൽ കമ്മിറ്റി മിനിട്സിൽ അജണ്ട 21 ആയി തീരുമാനമെടുത്തിരുന്നു. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ കൃഷിഭവനിൽ പൂർണ്ണമായും വെള്ളം കയറുകയും ഫയലുകൾ 60% വും ഫർണീച്ചർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ എന്നിവ നഷ്ടപ്പെടുകയും ചെയ്തു. എന്നാൽ നിലവിലും ഈ വാടകക്കെട്ടിടത്തിലാണ് കൃഷിഭവൻ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാകുന്നു. ഈ കെട്ടിടത്തിന് തനത്ഫണ്ടിൽ നിന്നും വാടക നല്കി വരുന്നതായും കാണുന്നില്ല. വാടക കുടിശ്ശിക ഉണ്ടെന്നും പള്ളിയ്ക്ക് കെട്ടിടം പുതുക്കി പണിയേണ്ടതിനാൽ ഒഴിയാൻ ആവശ്യപ്പെടുന്നുണ്ടെന്നും കൃഷിഓഫീസർ വാക്കാൽ അറിയിച്ചു. വാടക നിശ്ചയിച്ചിട്ടില്ല എന്നാണ് സെക്രട്ടറി മറുപടി നല്കിയത്. തീർത്ഥാടനകേന്ദ്രം എന്ന നിലയിൽ എല്ലാ വർഷവും എടത്വ പള്ളി പെരുന്നാളിനോട് അനുബന്ധിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് തനത്ഫണ്ടിൽ നിന്നും ലക്ഷങ്ങൾ ചെലവഴിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് സ്വന്തമായി കൃഷിഭവൻ കെട്ടിടം ആകും വരെ പള്ളിയുടെ ഏതെങ്കിലും ഒരു കെട്ടിടം പരസ്പരധാരണയിൽ ലഭിക്കുന്നതിന് കേരളപഞ്ചായത്ത് രാജ് സെക്ഷൻ 219 ൽ വിവക്ഷിക്കും പ്രകാരമുള്ള അംശാദായം എന്ന നിലയിൽ ആവശ്യപ്പെടാവുന്നതാണ്. ഭരണസമിതിക്ക് ഉചിത തീരുമാനം കൈക്കൊള്ളാവുന്നതാണ്.

മിനിട്ട്സിൽ പരാമർശിച്ച പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നും അതിനാൽ കൃഷിഓഫീസ് മാറ്റിയില്ല എന്നും നിലവിൽ ഇവിടെ ഓഫീസ് ഒന്നും പ്രവർത്തിക്കുന്നില്ല എന്നും സെക്രട്ടറി മറുപടിയിൽ അറിയിച്ചു. പഞ്ചായത്തിന്റെ ആസ്തി ആണെങ്കിൽ ഈ കെട്ടിടം അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-10 വെള്ളക്കരം-ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താൻ സംയുക്ത പരിശോധന നടത്തിയിട്ടില്ല

വെള്ളക്കരം ഇനത്തിൽ 257 ടാപ്പുകളുടെ ചാർജ് 1,12,438/- രൂപ പ്രതിമാസം തദ്ദേശ സ്ഥാപനം വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ഇതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. വർഷങ്ങളായി ജനകീയാസൂത്രണ പദ്ധതികളിലൂടെ ഗാർഹിക വാട്ടർ കണക്ഷൻ പദ്ധതി നടപ്പാക്കി വരുന്നു. ഒരു പ്രദേശം കേന്ദ്രീകരിച്ച് ഗാർഹിക വാട്ടർ കണക്ഷൻ പദ്ധതി നടപ്പാക്കിക്കൊണ്ട് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കേണ്ടതും വാട്ടർചാർജ് ഇനത്തിൽ ലക്ഷങ്ങളുടെ ബാധ്യത കുറച്ചുകൊണ്ടു വരാനും ശ്രമിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-11 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്-കൃത്യമായ കണക്കില്ല

തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് ഇനത്തിൽ പ്രതിമാസം 76,668/- രൂപ KSEB യ്ക്ക് നല്കുന്നു. തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള വിവരം, ഉപഭോഗം, നിരക്ക് എന്നിവ KSEB യിൽ നിന്നും ലഭ്യമാക്കിയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം ഇവ രേഖപ്പെടുത്തി

ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. KSEB യും പഞ്ചായത്തും ചേർന്ന് തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും കൃത്യമായ എണ്ണത്തിനാണ് ചാർജ് ഈടാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-12 ഹരിതകേരളം പദ്ധതി-ആദ്യഘട്ടം നടപ്പാക്കി:തുടർപ്രവർത്തനം ഇല്ല

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗാർഹിക മാലിന്യശേഖരണം-വിലയിരുത്തൽ ഫോം 2500 എണ്ണം പ്രിന്റ് ചെയ്ത ഇനത്തിൽ പൈലറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് 3450/- രൂപ വൗച്ചർ നം. 21700920/9.3.18 പ്രകാരം നൽകിയിട്ടുണ്ട്. 15 വാർഡുകളിലെയും നോട്ടീസ് വിതരണം, ഗാർഹിക മാലിന്യശേഖരണം, പ്ലാസ്റ്റിക് മാലിന്യശേഖരണം, ഹരിതകർമ്മസേന പ്രവർത്തനം, തുടർപ്രവർത്തനം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഹരിതകർമ്മസേന രൂപീകരിച്ച് ആദ്യഘട്ടത്തിൽ പ്ലാസ്റ്റിക് മാലിന്യശേഖരണം ഉൾപ്പെടെ നടത്തുകയും ക്ലീൻകേരളയ്ക്ക് നൽകുകയും ചെയ്തതായി സെക്രട്ടറി മറുപടിയിൽ അറിയിച്ചു. പ്രളയവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള സൗജന്യമായി പ്ലാസ്റ്റിക് ശേഖരണം നടത്തിയതായും എന്നാൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് തുക ഒന്നും നൽകിയിട്ടില്ല എന്നും 2018-19 വർഷത്തിൽ പദ്ധതി പ്രകാരം തുക നൽകുമെന്നും അറിയിച്ചു. മെറ്റീരിയൽ കളക്ഷൻ സെന്റർ ഇല്ലാത്തതിനാൽ നിലവിൽ തുടർ പ്രവർത്തനം അസാധ്യമായിരിക്കുകയാണ് എന്നും അതാത് വാർഡുകളിൽ പ്ലാസ്റ്റിക് ശേഖരിച്ച് വച്ചിരിക്കുകയാണ് എന്നുമാണ് മറുപടിയിൽ അറിയിച്ചത്. ഭൗതിക സാഹചര്യങ്ങൾ ഒരുക്കി തുടർപ്രവർത്തനം കാര്യക്ഷമമാക്കാനും ഹരിതകേരളം പദ്ധതി വിജയകരമാക്കാനും ബോധവത്ക്കരണം ഉൾപ്പെടെയുള്ള കൂട്ടായ പ്രവർത്തനം നടപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പദ്ധതി അംഗീകാരം ലഭിച്ചിട്ടും കാർഷിക പദ്ധതികൾ നടപ്പാക്കിയില്ല

2017-18 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയിൽ ആകെ 6 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ ചുവടെ ചേർക്കുന്ന 3 പ്രധാന പദ്ധതികളും നടപ്പാക്കിയില്ല.

| പദ്ധതിയുടെ പേര് | വകയിരുത്തിയ വികസനഫണ്ട് |
|---|---|
| വാഴക്കൃഷി വികസനം | 15750 |
| തെങ്ങിൻ തൈ വിതരണം | 56250 |
| പച്ചക്കറിക്കൃഷി ടെറസ്സിലും മുറ്റത്തും | 375000 |

പദ്ധതികൾ നടപ്പാക്കാഞ്ഞതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടെണ്ടറിലും റീടെണ്ടറിലും ആരും പങ്കെടുത്തില്ല എന്നും പിന്നീട് ക്വട്ടേഷൻ ക്ഷണിക്കുകയായിരുന്നു എന്നും കൃഷി ഓഫീസർ അറിയിച്ചു. 2018-19 ൽ സ്പിൽ ഓവർ ആയി രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് എന്നും പച്ചക്കറിക്കൃഷി ടെറസ്സിലും മുറ്റത്തും എന്ന പദ്ധതി ഗുണഭോക്തൃ വിഹിതം കൂടുതൽ ആയതിനാൽ അടയ്ക്കാൻ ഗുണഭോക്താക്കൾ ആരും തയ്യാറാകാത്തതിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കുകയായിരുന്നു എന്നും കൃഷിഓഫീസർ അറിയിച്ചു.

പദ്ധതികൾ തയ്യാറാക്കുന്ന ഘട്ടം മുതൽ അനുബന്ധ ഘടകങ്ങൾ കൂടി യഥാസമയം കോർത്തിണക്കി അതാത് വർഷം തന്നെ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ ദീർഘവീക്ഷണത്തോടെ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 ഡെപ്പോസിറ്റ് വർക്കുകൾ -4113350/-രൂപ നിർവ്വഹണ ഏജൻസിയുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു

ഗ്രാമ പഞ്ചായത്ത് 2017-18 വർഷം രണ്ടു പ്രോജക്ടുകളിലായി 2295378രൂപ കെ.എസ്.ഇ.ബി.യിൽ

നിക്ഷേപിച്ചിട്ടുണ്ട്. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-18 Advance to implementing agencies – deposit with Kerala State Electricity Board എന്ന ഹെഡ് പ്രകാരം 2250078 രൂപ ഇപ്പോഴും വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നു. ഇതു കൂടാതെ ബാലൻസ് ഷീറ്റ് B-18 (advance to implementing agencies - deposit with Kerala Water Authority) പ്രകാരം 1863272 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ വിനിയോഗിക്കാൻ അവശേഷിക്കുന്നു. ഇതിൽ 222500 രൂപ 2017-18 വർഷം പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയാണ്. ബാക്കി തുകയുടെ വിശദാംശം ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2012 വർഷം മുതൽ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ജനങ്ങൾക്ക് പ്രയോജനപ്രദമാകേണ്ട പദ്ധതിപ്പണം സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-15 ലൈഫ് ഭവന പദ്ധതി-അവലോകനം

ലൈഫ് ഭവന പദ്ധതിയിൽ നിലവിൽ ആകെ 63 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുള്ളതിൽ 6 പേർ ഭവന നിർമ്മാണം പൂർത്തിയാക്കി. വികസനഫണ്ട് 39,20,000/-രൂപ നാളിതുവരെ ചെലവഴിച്ചു. ഗുണഭോക്താക്കളിൽ 10പേർ ഒഴികെ ബാക്കിയുള്ളവർ അടിത്തറ നിർമ്മാണം പൂർത്തിയാക്കി ആദ്യഗഡു കൈപ്പറ്റിയവർ ആണ്. 2018-19ൽ ഹഡ്കോയിൽ നിന്ന് 43,45,000രൂപ ലോൺ എടുത്തത് പൂർണ്ണമായും ചെലവഴിച്ചതായും വി.ഇ.ഒ അറിയിച്ചു. ഗുണഭോക്താക്കൾക്ക് തുടർന്ന് ആനുകൂല്യം നല്കുന്നതിന് ഫണ്ട് കണ്ടെത്തി പദ്ധതി വിജയകരമാക്കാൻ ശ്രമിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഐ.കെ.എം. വിഹിതം നൽകൽ (പ്രോജക്ട് നം. 09/18) എന്ന പ്രോജക്ടിൽപ്പെടുത്തി ഇൻഫർമേഷൻ കേരള മിഷന് 45000 രൂപ ബിൽ നം.1/17-18/30.06.2017 പ്രകാരം നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-17 കന്നുകുട്ടി പരിപാലന പദ്ധതി - പ്രോജക്ട് ആരംഭിച്ചിട്ടില്ല

കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിനായി വികസനഫണ്ട് 312500 രൂപയും നേരിട്ടുള്ള ഗുണഭോക്തൃവിഹിതം 312500 രൂപയും ഉൾപ്പെടെ 625000 രൂപ വകയിരുത്തിയിരുന്നു. 312500 രൂപ ബിൽ നം. 11/17-18 തീയതി. 15.03.2018 പ്രകാരം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നല്കി. പ്രോജക്ട് ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/01.03.2019) ഇതുവരെ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ശിശുക്ഷേമ പദ്ധതികൾ-അങ്കണവാടികളുടെ പ്രവർത്തനം

2017-18 വർഷത്തെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ മിനിട്സിൽ പരാമർശിച്ചിരുന്ന ചുവടെ ചേർക്കുന്ന വസ്തുതകൾക്ക് നടപടികൾ ആയിട്ടില്ല.

| തീയതി | തീരുമാനം | സ്ഥാപനം സ്വീകരിച്ച നടപടി |
|---|---|---|
| 25.7.17 | 3-ാം വാർഡിൽ 69-ാം നമ്പർ അങ്കണവാടിക്കുള്ള സ്ഥലം പഞ്ചായത്തിന്റെ പേരിൽ കുട്ടിയിട്ടില്ലാത്തതിനാൽ കെട്ടിടം നിർമ്മിക്കാൻ | തുടർ നടപടി സ്വീകരിക്കുന്നെങ്കിലും അങ്കണവാടി |

| | | |
|---|---|---|
| | സാധിക്കുന്നില്ല എന്നും നിലവിലുള്ള കെട്ടിടം ജീർണ്ണിച്ച് അപകടാവസ്ഥയിലുമാണ് എന്ന് സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. | നിർമ്മാണവും സ്ഥലത്തിന്റെ പ്രശ്നങ്ങളും പരിഹരിച്ചിട്ടില്ല. |
| 24.2.18 | 10-ാം വാർഡിൽ കോയിൽമുക്ക്-പാണ്ടങ്കരി ഗ്രാമവികസന സമിതി 2015 വർഷം ലഭ്യമാക്കിയ 81 ച.മീ. സ്ഥലത്ത് 77-ാം നമ്പർ അങ്കണവാടി നിർമ്മിക്കുവാൻ നോൺറോഡ് ഫണ്ട് 2,71,500/- രൂപ വകയിരുത്തിയിരുന്നു. ചുറ്റുമതിൽ കെട്ടിയപ്പോൾ സ്ഥലം 2 സെന്റ് മാത്രമുള്ളതിനാൽ തുടർ പ്രവർത്തനം നടത്താൻ ആവാതെ തടസ്സപ്പെട്ടിരിക്കുന്നു. | സ്ഥലപരിമിതി പ്രശ്നമായി നിലനില്ക്കുന്നു. പിച്ചിംഗ് നിർമ്മാണത്തിന്റെ പേമെന്റ് സാങ്കേതിക പ്രശ്നങ്ങളാൽ അനുവദിച്ചിട്ടില്ല. |

ഉചിത നടപടി സ്വീകരിച്ച് അപാകതകൾ പരിഹരിച്ച് അങ്കണവാടി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. 21 അങ്കണവാടികൾ ഉള്ളതിൽ 8 എണ്ണത്തിന് മാത്രമാണ് സ്ഥിരം കെട്ടിടം ഉള്ളത്. സ്ഥല ലഭ്യത ഉള്ളവ തർക്കം പരിഹരിച്ചും കെട്ടിടനിർമ്മാണത്തിന് ഫണ്ട് കണ്ടെത്തിയും സ്ഥിരം കെട്ടിടം എന്നത് പ്രാവർത്തികമാക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 196056 | 203944 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | അംഗൻവാടി പോഷകാഹാരം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 125000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 125000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 134917 | വാർഡ് 3 ൽ സ്ട്രീറ്റ് ലൈറ്റ് വലിക്കുക | 134917 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | പാൽ സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 25950 | വാർഡ് 4ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 25950 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 180950 | വാർഡ് 5 ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 180950 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 82400 | വാർഡ് 6 ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 82400 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 168212 | വാർഡ് 8 ൽ സ്ട്രീറ്റ് ലൈൻ | 168212 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ദീർഘിപ്പിക്കൽ | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 402130 | വാർഡ് 10 ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 402130 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 36025 | വാർഡ് 11 ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 36025 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 13696 | വാർഡ് 12 ൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 13696* | 0 |

*കുറിപ്പ്:- ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നും പ്രോജക്ടിനായി ചെലവഴിച്ച 13696/-രൂപ ചെലവ് പത്രികയിൽ ചെലവായി കാണിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-2 <u>നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ.നം./ചെക്ക് നം/ വൗച്ചർ നം/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 177/18 വാർഡ് 15-ൽ മാളിയേക്കൽ മുതൽ മുളന്താനത്ത് വരെ പൈപ്പ് ദീർഘിപ്പിക്കൽ | 6926705/03.03.2018 | 222500 | 0 | 222500 |
| കെ.എസ്.ഇ.ബി | 163/18 ആയുർവേദ ആശുപത്രി കെട്ടിടത്തിന് സമീപത്തെ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ | 21700064/28.04.2017 | 45300 | 45300 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21700968, 21700975/13.12.2017 | 2250078 | 0 | 2250078 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 27289/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2016-17 | 3(1) | 208 | ശ്രീമതി. ആർ.ഓമന, അസിസ്റ്റന്റ്എഞ്ചിനീയർ | 117030103695/14.02.2018 |
| 2016-17 | 3(10) | 905 | ശ്രീമതി. ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ | 117030103737/15.02.2018 |
| 2016-17 | 3(13) | 2709 | ശ്രീമതി. ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ | 117030103738/15.02.2018 |
| 2016-17 | 3(15) | 1677 | ശ്രീമതി. ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ | 117030103739/15.02.2018 |

| | | | | |
|---|---|---|---|---|
| 2016-17 | 3(12) | 15609 | ശ്രീമതി. ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ | 117030104045/15.02.2018 |
| 2016-17 | 2(1) | 250 | മാനേജർ, ബാങ്ക് ഓഫ് ബറോഡ, എടത്വ | 117030104640/15.02.2018 |
| 2013-14 | 3-5 | 5931 | ശ്രീമതി.ആർ.ഓമന, അസിസ്റ്റന്റ് എഞ്ചിനീയർ | 117030100751/18.07.2017 |
| **ആകെ** | | 27289 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012 സെപ്റ്റംബർ മാസത്തെ പ്രവർത്തനക്ഷമതാ പരിശോധനാറിപ്പോർട്ട് | - | 2014 | 3.4.5 | എൻ.ആർ.ഇ.ജി.എസ് ഗ്രാമസഭാ പ്രവർത്തനം, വേതനവിതരണം | എ12621/14 തീയതി. 23.06.2014 പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 46693916 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 49103640 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 23258 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 471972 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-3 | | 2203 | ജേക്കബ്.കെ.എം., സെക്രട്ടറി<br>16.11.17-ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ |
| 3-4 | | 4770 | ബിന്ദുമോൾ.കെ.കെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6 | | 16285 | മുംതാസ്.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | |

| | | | |
|---|---|---|---|
| **ആകെ** | | 23258 | |

**<u>തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 80472 | ശ്രീ.ബി.ബാലകൃഷ്ണപിള്ള, സെക്രട്ടറി |
| 3-7 | 40000 | മുംതാസ്.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 39000 | സിനി.സി.ജോസഫ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-17 | 312500 | ഡോ.ജ്യോതിമോൻ.പി.ബി, വെറ്ററിനറി സർജൻ |
| **ആകെ** | **471972** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക 3-5

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജേക്കബ്.കെ.എം., സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ചു | കേളച്ചൻ വീട്, കരീപ്പുഴ പി ഒ, മാവേലിക്കര |
| ബിന്ദുമോൾ.കെ.കെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചമ്പക്കുളം ബ്ലോക്ക് | നരിയിൽ ഹൗസ്, മണ്ണഞ്ചേരി പി.ഒ, ആലപ്പുഴ |
| മുംതാസ്.എം, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വൈക്കം ഗ്രാമ പഞ്ചായത്ത് | ടി.സി. 24/590, ലമിയ, മീന നഗർ, തൈക്കാട്, തിരുവനന്തപുരം -14 |
| ശ്രീ.ബി.ബാലകൃഷ്ണപിള്ള, സെക്രട്ടറി | സെക്രട്ടറി, എടത്വ ഗ്രാമ പഞ്ചായത്ത് | ശ്രീഹരി, മീയണ്ണൂർ പി.ഒ., കൊല്ലം-691537 |
| സിനി.സി.ജോസഫ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., എടത്വ | കുറ്റിക്കൽ, ആനപ്രമ്പാൽ നോർത്ത് പി.ഒ., തലവടി |
| ഡോ.ജ്യോതിമോൻ.പി.ബി. | വെറ്ററിനറി സർജൻ, എടത്വ ഗ്രാമപഞ്ചായത്ത് | അശ്വതി, വഴുവാടി, തഴക്കര.പി.ഒ. മാവേലിക്കര 690102 |

16.11.17-ലെ കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ പേര് വിവരം

| വാർഡ് | അംഗത്തിന്റെ പേര് | മേൽവിലാസം |
|---|---|---|
| 1 | ദീപ ഗോപകുമാർ | മനയിൽ വീട്, കൊട്ടപ്പുന്ന പി ഒ, എടത്വ |
| 2 | ടെസ്സി ജോസ് | കൈതപ്പരപ്പിൽ, തായങ്കരി പി ഒ, എടത്വ |
| 3 | സെബാസ്റ്റ്യൻ സക്കറിയ | ആശാംപറമ്പ്, ചങ്ങങ്കരി പി ഒ, എടത്വ |
| 4 | ആനി ഈപ്പൻ | ഇടത്തിൽ പുത്തൻപറമ്പ്, എടത്വ പി ഒ, എടത്വ |
| 6 | ജെയിൻ മാത്യു | കറുകയിൽ, എടത്വ പി ഒ, എടത്വ |
| 7 | ബെറ്റി ജോസഫ് | പുത്തൻമഠം, എടത്വ പി ഒ, എടത്വ |
| 8 | കുരുവിള ജോസഫ് | കിഴക്കേക്കുറ്റ്, പാണ്ടങ്കരി പി ഒ, എടത്വ |
| 9 | ശ്യാമള രാജൻ | കിഴക്കേപറമ്പിൽ, പാണ്ടങ്കരി പി ഒ, എടത്വ |
| 10 | മിൻസ് വർഗ്ഗീസ് | മനക്കളം, പാണ്ടങ്കരി പി ഒ, എടത്വ |
| 11 | തോമസ് ടി.ടി. | തോട്ടുകടവിൽ, പാണ്ടങ്കരി പി ഒ, എടത്വ |
| 12 | റോസമ്മ ആന്റണി | കൊച്ചുപാറയിൽ, പച്ച, ചെക്കിടിക്കാട് പി ഒ, എടത്വ |
| 13 | അനിത ജേക്കബ് | തെക്കേടത്ത് വലിയതറ, ചങ്ങങ്കരി പി ഒ, എടത്വ |
| 14 | സുരേഷ്. എം.വി. | മണ്ണാരുപറമ്പിൽ, പച്ച, ചെക്കിടിക്കാട് പി ഒ, എടത്വ |
| 15 | ബൈജു ജോസ് | നെട്ടിത്തറ, തായങ്കരി പി ഒ, എടത്വ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ3-707/97, 11.12.97/7.2.98 |
| 1997-98 (ചെലവ്) | എൽ.എഫ്.എ3 – 1138/99/ 13.3.2000/8..6.2000 |
| 1998-99 (ചെലവ്) | എൽ.എഫ്.ജിഎ5-1832(1)/11/ 24.1.2012 |
| 1999-00 01-02 (പദ്ധതി) | എൽ.എഫ്.ജിഎ5-1832/11/ 24.1.2012 |

| | |
|---|---|
| 1999-00(പദ്ധതി ഒഴികെ) | എൽ.എഫ്.ജിഎ5-1832/ 24.1.2012 |
| 2002-03 | എൽ.എഫ്.ജിഎ5-1832/ 30.1.2012 |
| 2003-04 | എൽ.എഫ്.ജിഎ5-1832/ 30.1.2012 |
| 2004-05 | എൽ.എഫ്.ജിഎ5-1832/ 30.1.2012 |
| 2005-06 | എൽ.എഫ്.ജിഎ5-1832/ 30.1.2012 |
| 2006-07 | എൽ.എഫ്.എ.പി8 –311/11/23.9.11/ 30.9.11 |
| 2007-08 | എൽ.എഫ്.എ.പി8 –312/ 23.9.11/ 30.9.11 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി1 –626/12/24.9.12 |
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.പി1 – 1482/ 13/ 3.4.14/ 7.6.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/ പി1-1539/15/ 9.12.15/ 1.1.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/ പി1-826/16 / 28.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1- 1526/16 / 14.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി1- 1201/17/16.09.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

# <u>അനുബന്ധം 1 .</u>

നം.കെ.എസ്.എ-എ.എൽ.പി/ജി.എ4-1126(65)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി: 30.07.2018

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എടത്വ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഖണ്ഡിക 1-12 ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## <u>അനുബന്ധം 2 .</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ